LIBRARY ARCHIVES Kerala Legislative Assembly

1. കോവിഡ് കാലത്ത് ലോട്ടറി തൊഴിലാളികളെ സഹായിക്കുന്നതിനായി സാനിറ്റൈസർ, മാസ്ക് എന്നിവ വിതരണം ചെയ്തു.

2. വിവിധ ആനുകൂല്യങ്ങൾക്കായി സമർപ്പിക്കേണ്ട അപേക്ഷകളുടെ സമയപരിധിയിൽ ഇളവുനൽകി.

3. അംശദായത്തിന്റെ പിഴപ്പലിശ ഒഴിവാക്കി.

4. ഭാഗ്യക്കുറി ടിക്കറ്റുകൾ എടുക്കുന്നതിന് 32,86,500 രൂപയുടെ കൂപ്പണുകൾ വിതരണം ചെയ്തു.

5. കോവിഡ് കാല ധനസഹായമായി 25,77,000 രൂപ അനുവദിച്ചു.

പെരുമ്പയിൽ കെ.എസ്.എഫ്.ഇ.-യ്ക്ക് പുതിയ ബ്രാഞ്ച് സ്ഥാപിക്കൽ

137 (522) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരുമ്പയിൽ കെ.എസ്.എഫ്.ഇ.-യ്ക്ക് പുതിയ ബ്രാഞ്ച് സ്ഥാപിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടികൾ ഏത് വരെയായെന്ന് വിശദമാക്കാമോ?

പെരുമ്പയിൽ പുതിയ ബ്രാഞ്ചായ പയ്യന്നൂർ-II ആരംഭിക്കുന്നതിനുള്ള കെട്ടിടം ഏറ്റെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

ഓൺലൈൻ പഠന സഹായത്തിനായി കെ.എസ്.എഫ്.ഇ നടപ്പാക്കിയ പദ്ധതികൾ

138 (523) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഓൺലൈൻ പഠന സഹായത്തിനായി കെ.എസ്.എഫ്.ഇ. നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; അവയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

1. കോവിഡ്-19 സാഹചര്യം പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് കെ.എസ്.എഫ്.ഇ. നടപ്പാക്കിയ ഓൺലൈൻ വിദ്യാസഹായി സ്കീം (OVS) എന്ന പദ്ധതി പ്രകാരം